**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** **28-07-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ? | (എ) | നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് (സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) സ്ഥാപിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ നാഷണൽ ഹെൽത്ത് മിഷൻ വഴി ക്വാളിറ്റി ഇനത്തിൽ അനുവദിച്ച 1കോടി രൂപ ചെലവ് വരുന്ന മാലിന്യ സംസ്കരണ യൂണിറ്റിന്റെ സമഗ്ര പദ്ധതി രേഖ WAPCOS ഏജൻസി വഴി തയ്യാറാക്കിയിട്ടുണ്ട്. ഇത് നാഷണൽ ഹെൽത്ത് മിഷന്റെ എൻജിനിയറിംഗ് വിഭാഗം ടെക്നിക്കൽ ടീമിന് ജൂലൈ 15.2021-ന് അയച്ച നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് അൾട്രാ ഫിൽട്രേഷൻ സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തുമ്പോൾ വരുന്ന അധിക തുക പ്രോജക്ടിൽ ഉള്ളടക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തിരൂരങ്ങാടി താലൂക്ക് ആശു പത്രിയിൽ നിലവിൽ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇമേജ് എന്ന സ്ഥാപനത്തിനും നോൺ ബയോമെ ഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് KEIL എന്ന സ്ഥാപനത്തിനെയുമാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യ ങ്ങൾ സംസ്കരിക്കുന്നതിന് തിരൂരങ്ങാടി മുൻസിപ്പാലിറ്റിയുടെ കീഴിലുള്ള ഹരിത കർമ്മസേനയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ